ചിത്രീകരണം

# പൂമരക്കൊമ്പിൽ......

ജോൺ ഇളമത.

പൂമരക്കൊമ്പിൽ പക്ഷികൾ ചിലച്ചു.എല്ലാത്തരം പക്ഷികളും.വസന്തകാലത്തെ ഗായകരും,വേനൽക്കാലത്തെ പോപ്പുമൂസിക്കുകാരും ഒത്തുകൂടി തകർപ്പൻ ഗാനമേള..തുത്തുകുലുക്കൻ പക്ഷികൾ ട്രം അടിച്ചു.കുരുവികൾ ചൂളംവിളിച്ചു.വാനമ്പാടികൾ ഓടൽക്കുഴൽ നാദമൊഴുക്കി.വേനൽക്കാലവരവേൽപ്പിൻെറ ആഘോഷം മുഴങ്ങി.അപ്പോൾ എങ്ങുനിന്നോ കുറെ കാർഡിനൽ പക്ഷികൾ പറന്നുവന്നു യൂണിഫോം ധരിച്ച ഗായകരെ കണക്കെ. ബാക്കയാർഡിലെ ആ വലിയതണൽമരത്തിൻെറ ചില്ലകൾ പൂത്തുലഞ്ഞു നിന്നിരുന്നു.ചുറ്റിലും കാഴ്ച്ചക്കാരായ ധാരാളം സന്ദർശകരെത്തി.മൂളിപ്പറക്കുന്ന വണ്ടുകൾ,തേനീച്ചകൾ,പൂമ്പാറ്റകൾ.

അപ്പോഴാണ് ഞാൻ പതിവുപോലെ പച്ചക്കറി കൃഷിക്ക് ഒരുക്കങ്ങൾ തകൃതിയിൽ നടത്തിയത്.പാകിയ വിത്തുകളെല്ലാം പൊട്ടിമുളച്ചു.പടവലം,പാവൽ,വെണ്ട,വഴുതന,തക്കാളി മതലായവ.എല്ലാം നട്ടുനനച്ച് കൃഷിയുടെ മൂഡിൽ അകലംപാലിക്കലും,മാസ്ക് ധരിക്കലിൻെറയുമൊക്കെ പിരിമുറക്കത്തിൽ നിന്ന് മോചനം നേടിവരവെയാണ്,ആ അക്രമണം!

സംഭവത്തിനു പിന്നിൽ ഒരണ്ണാനാണ്,ചിക്കുമങ്ക്!തനി കനേഡിയൻ ഗോത്രവർഗ്ഗക്കാരി,ആദിവാസി!ശ്രീരാമൻ മുതുകിൽ തഴുകി മുതുകത്ത് മൂന്ന് കറുത്തവരകളുള്ള അണ്ണാനല്ല,അവ ശാന്തർ.അവരിന്ത്യാക്കാരാണ്.എന്നാലിവൾക്ക് വരയൊന്നു മില്ല.ഇതൊരു പെണ്ണണ്ണാനാണന്ന് ഞനെങ്ങനെ മനസ്സിലാക്കിയെന്നല്ലേ!കാനഡായിലെ ഗോത്രവർക്കും,പിന്നിടു കുടിയേറിയ വെള്ളക്കാർക്കും,പുരുഷമേധാവിത്വം ഇല്ലാത്തതുകൊണ്ടുതന്നെ.അതുകൊണ്ട് ഇവിടത്തെ നാരികൾക്ക് നാക്കുകൊണ്ട് പോക്കറ്റടിക്കാൻ അസ്സാമാന്യ കഴിവെത്രെ.പക്ഷേ,ഒള്ളതുപറയാമല്ലോ വായാടി എങ്കിലും ഈ അണ്ണാൻസുന്ദരി ആരയും ആകർഷിക്കും.

ചാരചാമരവിശറിപോലെയുള്ള വാല്.പറ്റുപട്ട്രോമക്കമ്പിളിക്കുപ്പായമണിഞ്ഞ ഉടൽ..മഞ്ഞുകാലത്ത് രോമക്കുപ്പായവും,തലപ്പാവുമണിഞ്ഞ നടക്കുന്ന ഒരു സുന്ദരിയുടെ കെട്ടുംമട്ടും.കൊറോണയും,കോവിഡുപത്തൊമ്പതുമൊന്നും ഈ യുവസുന്ദരിയെ തൊട്ടുതീണ്ടിയില്ല.അങ്ങനെ ഒരു സംഭവം ഭൂമിയിൽ നടക്കുന്നതിൻെറ ഒരു ഗൗരവവും ഈ സുന്ദരിക്കുണ്ടന്നുതോന്നുന്നില്ല.

ഇതുപറഞ്ഞപ്പഴാണ് മറ്റൊരു സംഭവം ഓർത്ത് ഞാൻ ചിരിച്ചുപോയത്.വിത്തും ,വളവും,ചെടികളും,വാങ്ങാൻ നേഴ്സറീൽപോയപ്പം അവിടെ ഒരു സുന്ദരിയെ കണ്ടു.പൂച്ചെടികൾ വാങ്ങാൻവന്ന ഒരു സുന്ദരി.ആദിവാസിയൊന്നുമല്ല.കുടിയേറിയ തലമുറയിലുള്ള ഒരു വെളുമ്പി.യൗവനം തുടുത്തു നിൽക്കുന്ന മേനിയിൽ പേരിനുമാത്രം അല്പ്പ വസ്ത്രം.പക്ഷേ മാസ്ക്കുണ്ട്,കൊറോണാ പ്രൊട്ടക്ഷന്.പരിഷ്കൃതമാസ്ക്,ചിരിക്കുന്ന മുഖംപ്രിൻറ്ചെയ്ത മാസ്ക്!ഞാൻ ഒന്നാലോചിച്ചു നിന്നു ,എന്നിട്ടോർത്തു:-

കൊറോണാ, ഈ പെണ്ണിനെ കണ്ട് ഒന്നുമ്മവെച്ച്,വല്ല്യശല്യമൊന്നും കൊടുക്കാതെ സന്തോഷിച്ച് കടന്നുപോയിക്കാണം!

അതൊക്കെപോട്ടെ,പറഞ്ഞുവന്നത് കനേഡിയൻ ഗോത്രസുന്ദരി,'ചിക്മഗിൻെറ' കഥയാണല്ലോ!എന്തുസംഭവിച്ചു എന്നു ചോദിച്ചാ,ഞാൻ പാകികളിപ്പിച്ച,പാവൽ,പടവലം,എന്തിനു പയറുവിത്തുവരെ ഈ ദുഷ്ടാ,അതിനെുചുറ്റും നിന്ന ഇളംപരിപ്പുകൾ തിന്നതുപോരാഞ്ഞ് അരിശം തീർക്കാൻ അതിൻെറ മൂടുതുരന്ന് വേര് സഹിതം വെട്ടി സായൂജ്യമടഞ്ഞ്,എന്നെകണ്ട് എഴുന്നേറ്റു നിൽക്കയാണ്,തന്തക്കു പിറക്കാത്തവൾ!എന്ന് മനസ്സിൽ പ്രാകി.അപ്പോൾ കയ്യി കിട്ടിയ ഒരു കൊഴികൊണ്ട് ഞാനവളെ എറിഞ്ഞുതുരത്തി.അവള് പെട്ടന്ന് ബാക്ക്യാർഡിലെ കൂറ്റൻമരച്ചില്ലകൾ ക്കിടയിൽ മറഞ്ഞു.

എന്നാൽ അതുകൊണ്ടുതീർന്നില്ല,ഇനിയാണ് യഥാർത്ഥ കഥ!പോയ അവൾ അല്പ്പം കഴിഞ്ഞ്,ശൗര്യത്തോടെ ഫെൻസിനു മുകളിലൂടെ ശീഘ്രം തിരിച്ചുവന്നു,എൻെറ മുമ്പിലേക്ക

്.എങ്ങനെയെന്നോ!,ചാരചാമരവാൽ വിശറിപോലെ വിടർത്തി,കൈകാലുകളിലെ കൂർത്തുമൂർത്ത നഖങ്ങൾ പുറത്തെടുത്ത് ഒരു പൂതനയേപ്പോലെ ചീറ്റിക്കൊണ്ട്.പിന്നെ ഒരു ശകാരം!ശകാരമൊന്നുമല്ല,പച്ചതെറി,'ധൂ...ധൂ...ഫു....ഫൂ..'....ഫ്.'..!അവടെ ആദിവാസി ഭാഷ എനിക്കുതിരിഞ്ഞു.ബ്രിട്ടീഷ് ഇംഗ്ലീഷ്ഭാഷയിലെ ഏറ്റവും മുന്തിയതെറി,ന്യൂയോർക്കിലെ ഹാർലമിലുക്കെ സദാ കേൾക്കുന്ന ചുട്ടതെറി,ഫ............ഫ്!!

ഇത് ഇവിടുത്തെ ശരാശരി ആവറേജ് തെറിയാണ്,എന്നാൽ ഇന്ത്യക്കാരനായ എന്നെ സംബന്ധിച്ച് പുളിച്ചതെറി!എങ്കിലും എൻെറ മനസ്സിൽ ഒരു ന്യായവിസ്താരം നടന്നു. ശരിയല്ലേ?,അവൾ ആ 'ചിക്മങ് അണ്ണാച്ചി'യുടെ വാദം!

'ഇത് എൻെറ ജന്മഭൂമി,ഈ ഭൂമിയുടെ അവകാശി,ഞാൻ!നീയൊക്കെ വരത്തൻ! ,എങ്ങാണ്ടൂന്നൊക്കെ വലിഞ്ഞുകയറി വന്ന പ്രവാസി,കുടിയേറ്റക്കാരൻ,കുതികാൽവെട്ടി!ശരി,നീ എൻെറ ഭൂമി കയ്യേറിക്കോ.കുറേക്കാലം മുമ്പ് മലബാറിലെ ജന്മിമാരടെ ഭൂമി തിരുവിതാംകൂറിലെ ചട്ടമ്മാര് സൂത്രത്തി കൈക്കലാക്കീതുപോലെ.എങ്കിലും അവർ അദ്ധ്വാനികളായിരുന്നു,അലസ്സമ്മാരല്ലാരുന്നു. പിന്നെ മര്യാദക്കാരുമായിരുന്നു.പാട്ടംകൊടുത്ത് ജന്മിമാരെ സംതൃപ്തിപ്പെടുത്തീരുന്നു.അതുപോലെയെങ്കിലും നീയൊക്കെ ഞങ്ങക്കൂടെ കണ്ട് കൃഷിചെയ്ത് ഞങ്ങളെകൂടെ ഹാപ്പിയാക്ക്,അല്ലങ്കി നിന്നെയൊക്കെ,ഞാൻ വീണ്ടുമീ പരതെറി വിളിച്ചോണ്ടിരിക്കും,ധു...ധൂ....ഫ......ാഫ്!!......ക്കേ......!!